## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1212 — 30.09.2011 ലെ മറുപടിക്ക്

### പിരിച്ചുവിട്ട ഭരണസമിതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. കെ.കെ. ലതിക | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കാലാവധി പൂർത്തിയാക്കാത്ത എത്ര സഹകരണ സംഘം ഭരണ സമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കാലാവധി പൂർത്തിയാകാത്ത ഒരു സഹകരണ സംഘത്തിന്റെ ഭരണ സമിതിയെ പിരിച്ചു വിട്ടിട്ടുണ്ട്. |
| ബി) | അവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ? | ബി) | കൊച്ചിൻ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 1093 എന്ന സംഘത്തിൽ സഹകരണ നിയമം 66 പ്രകാരം നടന്ന പരിശോധനയിലും തുടർന്ന് വകുപ്പ് 68(1) പ്രകാരം നടന്ന അന്വേഷണത്തിലുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, സംഘം ഭരണസമിതിക്ക് കാര്യക്ഷമതയില്ലായ്മ, കെടുകാര്യസ്ഥത, ഭരണ കാര്യങ്ങളിൽ കാണിച്ച അലംഭാവം, കൃത്യ വിലോപം എന്നിവ കാരണം സംഘത്തിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ കൊടുക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിച്ചതിനും 4,87,763/- രൂപയുടെ നഷ്ടത്തിന് കാരണക്കാരായതിനുമാണ് സംഘം ഭരണസമിതിയെ സർചാർജ്ജ് ചെയ്യുകയും പിരിച്ചു വിടുകയും ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ